പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

സ്വതന്ത്രഭാരതം അറുപത്തിയെട്ടാം റിപ്പബ്ലിക്ദിനം ആഘോഷിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ എല്ലാ കാർഷിക സർവകലാശാലാ കുടുംബാംഗങ്ങൾക്കും എന്റെ റിപ്പബ്ലിക് ദിനാശംസകൾ.

പല പ്രതിസന്ധികളെയും അതിജീവിച്ച് അഭിവൃദ്ധിയുടെ പടവുകൾ കീഴടക്കിയ രാജ്യമാണ് നമ്മുടേത്. സാമ്പത്തികപ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, ഭക്ഷ്യ ക്ഷാമത്തിന്റെ അഗ്നി പരീക്ഷ, അധിനിവേശവും ആക്രമണങ്ങളും ഉണ്ടാക്കിയ നഷ്ടങ്ങളും കഷ്ടങ്ങളും എന്നിങ്ങനെ നാനാവിധമായ വെല്ലുവിളികൾ നേരിട്ട ഇന്ത്യ ഇന്ന് പലമേഖലകളിലും അസൂയാർഹമായ പുരോഗതി കൈവരിച്ചിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പുരോഗതിയിൽ കാതലായ പങ്കു വഹിച്ചത് കാർഷിക വികസനമാണ്. വിഷമ ഘട്ടങ്ങളിലെല്ലാം രാജ്യം ഒറ്റക്കെട്ടായി നില്ക്കുകയും കൂടുതൽ കരുത്താർജ്ജിക്കുകയും ചെയ്തു എന്നതിൽ നമുക്കഭിമാനിക്കാം. വിവിധ ഘട്ടങ്ങളിൽ രാജ്യത്തെ നയിച്ച നേതാക്കളേയും രാജ്യത്തിനായി ജീവൻ വെടിഞ്ഞ ധീരദേശാഭിമാനികളെയും നന്ദിയോടെ സ്മരിക്കാം.

മുൻ കാലങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്തമായ പ്രശ്നങ്ങളാണ് ഇന്ന് നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്നത്. കാലാവസ്ഥ വ്യതിയാനം ഭക്ഷ്യോല്പാദന രംഗത്ത് ഇതുവരെ സംസ്ഥാനത്ത് പ്രത്യക്ഷദോഷഫലങ്ങൾ സൃഷ്ടിച്ചിട്ടില്ലെങ്കിലും ആസന്ന ഭാവിയിൽ ഉണ്ടാകാവുന്ന പ്രതിസന്ധികൾ മുൻ കൂട്ടി കണ്ടില്ലെങ്കിൽ അതു മൗഢ്യമാകും. കേരളത്തെ സംബന്ധിച്ചിടത്തോളം ഭക്ഷ്യധാന്യോല്പ്പാദനം ഇനിയും കുറയുന്നതും പരാശ്രയത്വം കൂടുന്നതും അഭിലഷണീയമല്ല. മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അടിസ്ഥാന വിഭവങ്ങളുടെ ശോഷണം ശുഭോദർക്കവുമല്ല. വേനലിനു മുൻപു തന്നെ കുടിവെള്ളക്ഷാമം നേരിടുന്ന അവസ്ഥ മണ്ണും ജലവും പ്രകൃതിവിഭവങ്ങളും ഒക്കെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യത നമ്മെ ബോധ്യപ്പെടുത്തുന്നു. ഈ ഘടകങ്ങളുടെ സംരക്ഷണാർഥം സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിജയത്തിനായി നാമോരോരുത്തരും രംഗത്തിറങ്ങേണ്ടിയിരിക്കുന്നു.

കാർഷിക മേഖലയുടെ സംരക്ഷണത്തിനും പുന:സൃഷ്ടിക്കും അതിപ്രാധാന്യം നല്കേണ്ട സന്ദർഭമാണിത്. കർഷക സുരക്ഷക്കായി പൊതു–സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ക്ഷേമ നിധി രൂപീകരിക്കുകയും നിലവിലുള്ള സബ്സിഡി സമ്പ്രദായത്തിനു പകരം യഥാർത്ഥ കർഷകന് പ്രതിമാസ വരുമാനം ഉറപ്പാക്കുന്ന സംവിധാനം ആവിഷ്കരിക്കുകയും ചെയ്യേണ്ടതിനെക്കുറിച്ച് നാം

ആലോചിക്കേണ്ടിയിരിക്കുന്നു. കൃഷി നിലനിർത്താൻ ഇന്നല്ലെങ്കിൽ നാളെ ഇത് കൂടിയേ തീരൂ. ഉല്പാദനക്ഷമതാ വർദ്ധനവാണ് അതി പ്രധാനമായ മറ്റൊരു കാര്യം. സൂക്ഷ്മതല പ്രവർത്തനങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സമർഥമായ ഉപയോഗത്തിലൂടെയും ഇതു സാധ്യമാക്കാമെന്ന് നാം തെളിയിച്ചിട്ടുണ്ട്. അതേസമയം വിവര സാങ്കേതിക വിദ്യയും യന്ത്രവല്കരണവും കൈവരിച്ചിട്ടുള്ള അഭൂതപൂർവമായ മുന്നേറ്റം കാർഷികമേഖലയ്ക്കുപയുക്തമാക്കുന്നതിന് വേണ്ടത്ര ശ്രമങ്ങൾ ഉണ്ടായിട്ടില്ല എന്നതും സത്യമാണ്.

വിവര സാങ്കേതിക വിദ്യയും ജൈവ സാങ്കേതിക വിദ്യയും വേണ്ടവിധം ചേർന്നാൽ ഉണ്ടാകാവുന്ന ഗുണഫലങ്ങൾ കാർഷിക രംഗത്തെ പല പ്രശ്നങ്ങൾക്കും പരിഹാരമാകും. ഈ മേഖലയിൽ ഊർജിതമായ ഇടപെടൽ നടത്തണമെന്ന് ഞാൻ ഗവേഷകരെ ഓർമിപ്പിക്കുന്നു. യുവതലമുറയുടെ പങ്ക് ഇക്കാര്യത്തിൽ പരമ പ്രധാനമാണ്. കേരളത്തിലെ ഏറ്റവും വലിയ ശക്തിയാണ് യുവജനസംഘടനകൾ. ഈ ശക്തി കാർഷിക മേഖലയിലൂടെ കർമോൽസുകമായാൽ ഭക്ഷ്യോല്പ്പാദന രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ കഴിയും. യുവത്വത്തിന്റെ ശക്തിയും സാങ്കേതിക വിദ്യയുടെ മികവും ചേർന്നാൽ അസാധ്യമായി ഒന്നുമില്ല.

മിതവ്യയശീലം വളർത്തുക എന്നത് സാമൂഹ്യമായും സാമ്പത്തികമായും അതിപ്രാധാന്യമർഹിക്കുന്ന ഒന്നാണ്. പണം കൈയ്യിലുണ്ടെന്ന കാരണത്താൽ ആവശ്യമില്ലാത്തത് വാങ്ങിക്കൂട്ടുക എന്നൊരു ശീലം ഗ്രാമീണ ജനതയിലേക്കു പോലും കടന്നു വരുന്നത്

ഒട്ടും ആശാസ്യമായ പ്രവണതയല്ല. ഭക്ഷണ ശീലത്തിന്റെ കാര്യത്തിലും അതിവ്യയവും ആഹാരം പാഴാക്കലും പതിവാകുന്നു. ഈ ദുശ്ശീലങ്ങൾ പല ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു എന്നതാണ് വസ്തുത. അവനവനു വേണ്ട ആഹാരം സ്വയം ഉല്പ്പാദിപ്പിക്കുന്ന ശീലം കൈവിട്ട് എന്തും വാങ്ങിക്കഴിക്കുന്ന ശീലം കൈവരിച്ചതോടെയാണ് നാം ജീവിത ശൈലീ രോഗങ്ങൾക്കടിമപ്പെടാൻ തുടങ്ങിയത്.

അതിവ്യയം ഒഴിവാക്കുന്നതിനൊപ്പം ആരോഗ്യ സംരക്ഷണത്തിനും ഒരു തിരിച്ചുപോക്ക് അനിവാര്യമാണ്. ഓരോ വീട്ടു വളപ്പിലും പഴങ്ങളും പച്ചക്കറികളും ഉൾപ്പെടെ നമ്മുക്കാവശ്യമായ വിഭവങ്ങളിൽ ഒരുഭാഗമെങ്കിലും ഉല്പ്പാദിപ്പിക്കാൻ കഴിഞ്ഞാൽ അത് പടിപടിയായി പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും ഉള്ള സ്വയം പര്യാപ്ത തയിലേക്കു മാത്രമല്ല സാമ്പത്തിക അച്ചടക്കത്തിനും സുരക്ഷിത ഭക്ഷണത്തിന്റെ ലഭ്യതയ്ക്കും വഴിതെളിക്കുകയും ചെയ്യും. ആരോഗ്യ സുരക്ഷയും മിതവ്യയവും തമ്മിലുള്ള സൂക്ഷ്മബന്ധം സാമൂഹികാരോഗ്യത്തെയും സാമ്പത്തിക സുരക്ഷയേയും തമ്മിലും ബന്ധിപ്പിക്കുന്നു. ഇന്ത്യയിൽ ഇന്ന് പ്രതിവർഷം പാഴാക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ മൂല്യം തൊണ്ണൂറ്റാറായിരം കോടിരൂപ വരുമെന്നാണ് കണക്ക്. കേരളത്തിൽ 10% ജനങ്ങൾ അർദ്ധ പട്ടിണിക്കാരും 30% പേർ അമിതാഹാരം കഴിക്കുന്നവരുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം ആഗോള തലത്തിൽതന്നെ ഭക്ഷ്യോല്പ്പാദനം കുറയുകയും ഭക്ഷ്യ

സാധനങ്ങളുടെ ലഭ്യത കുറയുകയും അത് സാമ്പത്തിക മാന്ദ്യത്തിനു കാരണമാകുകയും ചെയ്യും എന്നിരിക്കെ ഈ ധൂർത്ത് നമുക്ക് സഹിക്കാനാകുമോ? ഭക്ഷ്യ വസ്തുക്കൾ പാഴാക്കതിരിക്കാനും ബാക്കി വരുന്ന വിഭവങ്ങൾ സംസ്കരിച്ച് ക്രിയാത്മകമായി ഉപയോഗപ്പെടുത്താനും നമുക്കു കഴിയണം.

മറ്റൊരു കാതലായ കാര്യം കാര്യക്ഷമതയാണ്. കാര്യക്ഷമതയുടെയും അർപ്പണബോധത്തിന്റെയും അഭാവം പല കർമ്മ പദ്ധതികളുടെ വിജയത്തിനും തടസ്സമാകുന്നു എന്ന സത്യം കണ്ടില്ലെന്നു നടിച്ചു കൂടാ. ഏതു തലത്തിൽ പ്രവർത്തിക്കുന്നവരായാലും നമ്മുടെ അറിവും കഴിവും സമയവും പരമാവധി പ്രയോജനപ്പെടുത്താനുള്ള ശ്രമം ഉണ്ടാകുന്നില്ല എന്ന് രഹസ്യമായെങ്കിലും സമ്മതിക്കും. നാടിന്റെയും നാം പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെയും ഭാവി നമ്മുടെ പ്രവർത്തനക്ഷമതയെ ആശ്രയിച്ചാണ് എന്ന തിരിച്ചറിവും ശക്തമാകേണ്ടിയിരിക്കുന്നു. അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങൾക്കൊപ്പം കടമകൾ നിർവഹിക്കാനുള്ള പ്രതിബദ്ധതയും നമുക്കുണ്ടെങ്കിൽ സമൂഹത്തിന്റെ പുരോഗതിയും ക്ഷേമവും അസാധ്യമല്ല. നമ്മുടെ കടമ നിർവഹിക്കുന്നതിൽ വരുന്ന വീഴ്ച മറ്റുള്ളവരുടെ അവകാശലംഘനമായി മാറാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും വരും തലമുറയുടെ ഭക്ഷ്യ-പോഷകസുരക്ഷിതത്വവും ഉറപ്പു വരുത്തേണ്ട ചുമതലയും ഓരോ പൗരനുമുണ്ട്. കാർഷിക സർവ്വകലാശാലാ കുടുംബാംഗങ്ങളോരോരുത്തരും ഈ ചുമതല നിർവഹിക്കാൻ തന്നാലായതു ചെയ്യണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ഒരിക്കൽ കൂടി റിപ്പബ്ലിക് ദിനാശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു.

**ജയ് ഹിന്ദ്**